(8) പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം

ശ്രീ. വർക്കല കഹാർ: സർ, ആറ്റിങ്ങൽ-വർക്കല നിയോജകമണ്ഡലങ്ങളിൽ സ്ഥിതിചെയ്യുന്ന പണയിൽക്കടവ് പാലത്തിന്റെ വർക്കല ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ പണി പാലം ഉദ്ഘാടനം കഴിഞ്ഞ് ഒന്നരവർഷത്തിനുശേഷവും ആരംഭിച്ചിട്ടില്ല. ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. സ്ഥലം എടുത്തുകൊടുക്കാത്തതുകൊണ്ടാണ് പണി തുടങ്ങാൻ കഴിയാത്തതെന്നാണ് പി.ഡബ്ള്യു.ഡി. യുടെ നിലപാട്. സ്ഥലം എടുത്തുകൊടുക്കുന്നതിന് ഇപ്പോൾ തടസ്സമൊന്നുമില്ല. ഒരു കോടതി സ്റ്റേയും നിലവിലില്ല. സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, സ്ഥലമെടുപ്പിനെതിരായി മൂന്ന് കേസുകൾ ഉണ്ടായിരുന്നു. ഒ.എസ് 114/2002, സി.ആർ.പി 584/2005, വർക്കല കോടതിയിലെ വേറൊരു കേസ്. അതുകൊണ്ട് പൊന്നുംവിലയ്ക്കെടുക്കുന്ന പരിപാടി നടത്താൻ തടസ്സമുണ്ടായി. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തടസ്സമില്ല; സ്റ്റേയില്ല. അതുകൊണ്ട് വളരെ വേഗത്തിൽ പൊന്നുംവില നടപടികൾക്ക് അടിയന്തിര നിർദ്ദേശം നൽകുന്നതാണ്.

(9) ടി. വി. പുരം ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കള്ളുഷാപ്പ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം

ശ്രീ. പി. നാരായണൻ: സർ, കോട്ടയം ജില്ലയിലെ വൈക്കം റേഞ്ചിൽ ടി. വി. പുരം ഗ്രാമപ്പഞ്ചായത്തിൽ ഗവൺമെന്റ് നിയമത്തിനു വിധേയമായി പ്രവർത്തിക്കുന്ന ടി.എസ്.നമ്പർ-38 എന്ന കള്ളുഷാപ്പ് തുറന്നു പ്രവർത്തിക്കണമെന്നതാണ് എന്റെ ആവശ്യം. തൊഴിലാളികൾ നടത്തുന്ന ഒരു ഷാപ്പാണ്. അന്ന് ബഹുമാനപ്പെട്ട എക്സൈസ് മന്ത്രിയാണ് അവർക്ക് എല്ലാ അവകാശങ്ങളും കൊടുത്തത്. അതിനെക്കുറിച്ച് പരാതിയുണ്ടോയെന്ന് അന്വേഷിച്ചു, ജില്ലാ കളക്ടറും എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും എ.എസ്.ഐ.യും പരാതിയില്ലെന്ന് പറഞ്ഞു. ഇതിനടുത്ത് ആരാധനാലയങ്ങളോ സ്കൂളുകളോ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly